കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - കൊച്ചി നഗരസഭയിലെ സൂപ്രണ്ടായ ശ്രീ. എം. മനോജ് കുമാർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇ.കെ.എം) 2225/2017-ൽ 12.10.2017 തീയതിയിലുണ്ടായ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.279/ 2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 31.01.01.2018

---

പരാമർശം : 1. കൊച്ചി നഗരസഭയിലെ സൂപ്രണ്ടായ ശ്രീ. എം. മനോജ് കുമാർ സർക്കാരിൽ സമർപ്പിച്ച 10.11..2017 തീയതിയിലെ നിവേദനം. (Annexure A12)

2. ശ്രീ. എം. മനോജ് കുമാർ ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2225/2017 കേസിൽ 12.10.2017 തീയതിയിലുണ്ടായ വിധിന്യായം.

## ഉത്തരവ്

കൊച്ചി നഗരസഭയിലെ സൂപ്രണ്ടായ ശ്രീ. എം. മനോജ് കുമാർ പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ കൊച്ചി നഗരസഭയിൽ സൂപ്രണ്ടായി ജോലിചെയ്തുവരവേ ചേർത്തല നഗരസഭയിലേയ്ക്ക് കരട് സ്ഥലംമാറ്റ പട്ടികയും കൃലിസ്റ്റും പ്രസിദ്ധീകരിച്ച ശേഷം നഗരകാര്യ ഡയറക്ടറുടെ അന്തിമസ്ഥലംമാറ്റ പട്ടികയിൽ ആലപ്പുഴ നഗരസഭയിൽ ഉൾപ്പെടുത്തിയതായും, കഴിഞ്ഞ മൂന്ന് വർഷമായി ഹോംസ്റ്റേഷന് പുറത്ത് ജോലിചെയ്തതിനാൽ എറണാകുളം സ്വദേശിയായ ടിയാനെ ഒഴിവു വരുന്ന ഏലൂർ, കളമശ്ശേരി, കൊച്ചി, തൃശ്ശൂർ, ചാലക്കുടി നഗരസഭകളിൽ ഏതെങ്കിലും ഒന്നിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ശ്രീ. എം. മനോജ് കുമാർ ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. (ഇ.കെ.എം)2225/2017 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ അനക്ഷർ A12 അപേക്ഷ പരിശോധിച്ച് അപേക്ഷകനെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം 27.12.2017-ന് തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി അപേക്ഷകനെ നേരിൽ

കേൾക്കുകയുണ്ടായി. നേരിൽ കേട്ട സമയത്തും ടിയാളുടെ അപേക്ഷയിലെ ആവശ്യങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി.

3. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, തൃശ്ശൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായി ജോലി നോക്കിവരവേ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതിനാൽ, ശ്രീ. എം. മനോജ്കുമാറിനെ സൂപ്രണ്ടായി ഒഴിവുണ്ടായിരുന്ന കൊച്ചി നഗരസഭയിൽ നിയമിച്ചു. കൊച്ചി നഗരസഭയിൽ നിയമിച്ചത് സ്ഥലംമാറ്റം പുന:പരിശോധനയ്ക്ക് വിധേയം എന്ന രീതിയിലായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലെ കൂലിസ്റ്റും കരട് സ്ഥലമാറ്റ ഉത്തരവും പുറപ്പെടുവിച്ചു. ടി കരട് ഉത്തരവിൽ ചേർത്തല നഗരസഭയാണ് ടിയാന് നിർദ്ദേശിച്ചിരുന്നത്. 25.02.2017 ലെ സ.ഉ. (പി) നം. 03/2017 ഉഭപവ. ഉത്തരവ് നടപ്പിലാക്കണമെന്ന സർക്കാർ നിർദ്ദേശം പരിഗണിച്ച് 28.02.2017 വരെ ലഭിച്ച അപേക്ഷ പരിഗണിച്ചപ്പോൾ കരട് സ്ഥലംമാറ്റ പട്ടികയിലും കൂലിസ്റ്റിലും വന്നയാളെ കൊച്ചിയിൽ നിയമിക്കുന്നതിനായാണ് 23.05.2017 ലെ ഉത്തരവിൽ സ്ഥലംമാറി വന്ന ശ്രീ. എം. മനോജ്കുമാറിനെ ഒഴിവുണ്ടായിരുന്ന ആലപ്പുഴയിലേയ്ക്ക് മാറ്റി നിയമിച്ചതെന്ന് അറിയിച്ചു.

4. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽക്കേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 12 വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ 28.02.2018 നു മുമ്പായി അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന ഏലൂർ, കളമശ്ശേരി, കൊച്ചി, തൃശ്ശൂർ, ചാലക്കുടി നഗരസഭകളിൽ ഏതിലെങ്കിലും ഒഴിവുണ്ടാവുകയാണെങ്കിൽ - ഒന്നിലധികം ജീവനക്കാർ ഒരേ നഗരസഭതന്നെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ 25.02.2017 ലെ സർക്കാർ ഉത്തരവിലെ പ്രത്യേക മുൻഗണന പരിശോധിച്ച് അർഹതയുള്ള ജീവനക്കാരെ മാത്രം ടി സ്ഥാനത്തേയ്ക്ക് സ്ഥലംമാറ്റുക എന്ന നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക് നൽകിക്കൊണ്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2-ലെ വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി..എസ്. സന്തോഷ്,**

**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം ( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ. എം. മനോജ്കുമാർ, സൂപ്രണ്ട്, കൊച്ചി നഗരസഭ.

എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേ.രള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**